(ഇ) മരണമടഞ്ഞയാളുടെ അവകാശിക്ക് 5,000 രൂപ കൊടുക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിലാളി സമരം

4 [7] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി സമരങ്ങളെ പരാജയപ്പെടുത്താൻ പോലീസിനെ ഉടമകളുടെ താൽപര്യാനുസരണം ഉപയോഗിക്കാൻ ഗവൺമെൻറ് അനുവദിക്കുന്നതായുള്ള പരാതികൾ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ തൊടുപുഴ തെക്കുംഭാഗത്ത് ഒരു തോട്ടം ഉടമയ്ക്കെതിരായി ആ തോട്ടത്തിലെ തൊഴിലാളികൾ സമരം ചെയ്തപ്പോൾ സമരം ചെയ്ത തൊഴിലാളികളെ പോലീസ് അന്യായമായി അറസ്റ്റ് ചെയ്യുകയും കള്ളക്കേസുകൾ എടുക്കുകയും ചെയ്തതിനുപരിയായി പണിമുടക്കിയ തൊഴിലാളികൾക്ക് പകരം ഗവൺമെൻറ് പോലീസിനെക്കൊണ്ട് കരിങ്കാലിപ്പണി ചെയ്യിച്ചതായുള്ള യൂത്ത് കോൺഗ്രസ് നേതാവ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻറെ പ്രസ്താവന ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ ഗവൺമെൻറ് എന്തു അന്വേഷണങ്ങൾ നടത്തിയെന്നും, ഈ പ്രവൃത്തിക്ക് കൂട്ടുനിന്നവരും നിർദ്ദേശങ്ങൾ നൽകിയവരുമായ എത്തെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

കോൺഫിഡൻഷ്യൽ റിപ്പോർട്ട്

5 [8] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എത്തെല്ലാം വകുപ്പുകളിലാണ് ഇന്നും നിലനിൽക്കുന്നത്;

(സി) അശാസ്ത്രീയമായ ഈ സമ്പ്രദായം മാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിൻറെ എല്ലാ വകുപ്പുകളിലും അതു നിലനിൽക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സമ്പ്രദായം അശാസ്ത്രീയമാണെന്നു സർക്കാർ കരുതുന്നില്ല.

ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി റിസർച്ച് ഓഫീസറുടെ നിയമനം

6 [10] ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി റിസർച്ച് ഓഫീസറായി നിയമിക്കപ്പെട്ട ശ്രീ. കുഞ്ഞാമൻ എന്ന ഉദ്യോഗസ്ഥനെ റിലീവ് ചെയ്തതെന്നാണ്;

(ബി) റിസർച്ച് ഓഫീസറുടെ ഈ റിസൽട്ടന്റ് വേക്കൻസിയിലേക്ക് ഇപ്പോഴത്തെ റിസർച്ച് ഓഫീസറുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളതുകൊണ്ട് ആളെ അഡ്വൈസ് ചെയ്യാൻ പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25-7-1979-ൽ ആണ്.

(ബി) ഉണ്ട്.

(സി) ഉദിക്കുന്നില്ല.

കേരളാ കോൺഗ്രസിന്റെ കോട്ടയം ഓഫീസ് ആക്രമണം

7 [11] ശ്രീ. വി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1979 ആഗസ്റ്റ് മാസം 31-ാംതീയതി വെളുപ്പിനു ഒരു സംഘം ആളുകൾ കേരളാ കോൺഗ്രസിന്റെ കോട്ടയം ആഫീസിൽ കടന്നു ആക്രമണം നടത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

29-8-1979 വെളുപ്പിനു അക്രമകാരം ഒരു സംഭവം ഉണ്ടായതായി റിപ്പോർട്ടുണ്ട്. ഇത് സംബന്ധിച്ച് കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 334/79 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമാധാനലംഘനം ഉണ്ടാകാതെ നോക്കുന്നതിനാവശ്യമായ നടപടികളും എടുത്തിട്ടുണ്ട്.

പുതിയ സ്കൂളുകൾ അനുവദിച്ചതിന്റെ മാനദണ്ഡം

8 [15] ശ്രീ. പി. സി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly